# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3688 — 26.06.2012 ൽ മറുപടിയ്ക്ക്

## ശാരീരിക വൈകല്യം മൂലം ബുദ്ധിമുട്ടനുഭവിക്കുന്നവരുടെ വാഹനങ്ങളിൽ മാറ്റം

| ചോദ്യം<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. അൻവർ സാദത്ത് | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി |
|---|---|---|
| (എ) ശാരീരിക വൈകല്യം മൂലം ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് ഉപയോഗിക്കുന്നതിനായി വാഹനങ്ങളിൽ മാറ്റം വരുത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കേന്ദ്ര ഷിപ്പിംഗ് റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേയ്സ് മന്ത്രാലയത്തിന്റെ 23.7.2008 ലെ പ്രമേയം (Resolution) നം. ആർ.റ്റി. 11012/12/01-എം വി എൽ പ്രകാരം ഇരു ചക്ര വാഹനങ്ങളും ടി മന്ത്രാലയത്തിന്റെ 29.5.2009 ലെ കത്ത് നം. ആർ.റ്റി.11012/12/2001 – എം വി എൽ പ്രകാരം മോട്ടോർ കാറുകളും, വൈകല്യമുള്ളവർക്ക് ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ രൂപമാറ്റം വരുത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിന്റെ റോഡ് ട്രാൻസ്പോർട്ടും ഹൈവേയും മന്ത്രാലയത്തിന്റെ 05.05.2011 തീയതിയിലെ ആർ. റ്റി 11017/07/2011 – എം വി എൽ എന്ന കത്ത് മുഖാന്തിരം ഇരു ചക്രവാഹനങ്ങളിലും മോട്ടോർ കാറുകളിലും രൂപമാറ്റം വരുത്തുന്നതുമായി ബന്ധപ്പെട്ടുള്ള നടപടികൾ കൂടുതൽ ലളിതമാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം നിയന്ത്രണങ്ങളാണ് വരുത്തിയിട്ടുള്ളത്; | (ബി) | കേന്ദ്ര ഷിപ്പിംഗ് റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേയ്സ് മന്ത്രാലയത്തിന്റെ 23.7.2008 ലെ പ്രമേയം (Resolution) നം ആർ.റ്റി.-11012/12/01 – എം വി എൽ പ്രകാരം ഇരു ചക്ര വാഹനങ്ങൾ രൂപമാറ്റം വരുത്തുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>(i) റിട്രോഫിറ്റഡ് വാഹനങ്ങൾ "ഇൻവാലിഡ് കാര്യേജ്" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്താൻ പാട്ടുള്ളതല്ല.<br>(ii) സ്കൂട്ടറിന്റെ ഇടത് വശത്ത് സൈഡ് കാർ കൂട്ടിച്ചേർത്ത് വാഹനം രൂപമാറ്റം വരുത്തിയാലും |

| | | |
|---|---|---|
| | | പ്രസ്തുത വാഹനത്തിന്റെ സീറ്റിംഗ് കപ്പാസിറ്റി 2 തന്നെ ആയിരിക്കും. മാത്രമല്ല സൈഡ് കാർ ലഗേജ് വഹിക്കുന്നതിനായി ഉപയോഗിക്കുവാൻ പാടുള്ളതല്ല.<br>(iii) രൂപമാറ്റം വരുത്താൻ ഉദ്ദേശിക്കുന്ന വാഹനത്തിന്റെ രജിസ്റ്റേഡ് ഓണർ വികലാംഗനാണെങ്കിൽ മാത്രമേ രൂപമാറ്റത്തിനുള്ള അനുവാദം നല്കാവൂ<br>(iv) പ്രോട്ടോടൈപ്പ് വാഹനങ്ങൾ മാർക്കറ്റിൽ ലഭ്യമാണെങ്കിൽ ഇത്തരത്തിലുള്ള അനുവാദം നല്കുവാൻ പാടുള്ളതല്ല.<br>(v) വൈകല്യമുള്ള വ്യക്തിയാണ് വാഹനം ഓടിക്കുന്നെങ്കിൽ മാത്രമേ രൂപമാറ്റത്തിനുള്ള അനുവാദത്തിന് സാധുത ഉണ്ടായിരിക്കുകയുള്ളൂ<br>(vi) വാഹനം ഓടിക്കുവാൻ പ്രാപ്തനാണെന്ന് കാണിച്ചുകൊണ്ട് മെഡിക്കൽ അധികാരികൾ നല്കിയിട്ടുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ അനുവാദം നല്കാവൂ.<br>(vii) രൂപമാറ്റം വരുത്തിയ വാഹനം ഓടിക്കുന്നതിനായി വൈകല്യമുള്ള വ്യക്തിക്ക് ലൈസൻസ് ഉണ്ടായിരിക്കണം വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ വാഹനത്തിൽ വരുത്തിയ രൂപമാറ്റം രേഖപ്പെടുത്തിയതിന് ശേഷം മാത്രമെ വൈകല്യമുള്ള വ്യക്തിക്ക് ഡ്രൈവിംഗ് ലൈസൻസ് ഇഷ്യൂ ചെയ്യുവാൻ പാടുള്ളൂ.<br>(viii) വാഹനത്തിന്റെ ഉടമസ്ഥാവകാശം മാറുന്ന സമയത്ത് രൂപമാറ്റം വരുത്തുന്നതിന് നല്കിയിട്ടുള്ള അനുവാദം പിൻവലിക്കുന്നതാണ്.<br>(ix) അംഗികൃത ടെസ്റ്റ് ഏജൻസി നല്കിയിട്ടുള്ള സാധുതയുള്ള റിട്രോഫിറ്റ്മെന്റ് കിറ്റ് സർട്ടിഫിക്കറ്റ് അപേക്ഷകൻ ഹാജരാക്കിയിരിക്കണം<br>(x) അംഗീകാരമുള്ള റിട്രോഫിറ്റ്മെന്റ് കിറ്റ് ഘടിപ്പിക്കുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള അംഗികൃത വർക്ക്ഷോപ്പിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ് അപേക്ഷകൻ ഹാജരാക്കിയിരിക്കണം.<br>(xi) മേൽപ്പറഞ്ഞ ആൾട്ടറേഷൻ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളിൽ മാത്രമേ |

| | | |
|---|---|---|
| | | അനുവദിക്കുകയുള്ളൂ.<br>(xii) വാഹനത്തിന്റെ ഇടത് വശത്ത് സൈഡ് കാർ കൂട്ടിച്ചേർത്തോ അല്ലെങ്കിൽ അധികമായി രണ്ട് ചക്രങ്ങൾ ഘടിപ്പിച്ചോ വാഹനം ആൾട്ടർ ചെയ്യുന്ന സമയത്ത് വാഹനത്തിന്റെ അടിസ്ഥാന ഘടനയ്ക്ക് ഏറ്റവും കുറവ് മാറ്റങ്ങൾ മാത്രമാണ് വരുത്തിയിട്ടുള്ളത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. വാഹനത്തിൽ അധികം ഘടിപ്പിക്കുന്ന വീലുകൾക്ക് പുറകിലുള്ള ചക്രത്തിന്റെ അത്ര വലുപ്പവും സ്പെസിഫിക്കേഷനുമാണ് ഉള്ളതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.<br>(xiii) യഥാർത്ഥ വാഹനത്തിന് ആക്സിലേറ്റർ, ബ്രേക്ക്, ക്ലച്ച്, ഗിയർ ഷിഫ്റ്റ് തുടങ്ങി ഏതെങ്കിലും ഫുട്ട് കൺട്രോൾ ഉണ്ടെങ്കിൽ ആയത് കൈ കൊണ്ട് പ്രവർത്തിപ്പിക്കുവാൻ കഴിയുന്ന രീതിയിൽ മാറ്റം വരുത്തേണ്ടതാണ്.<br>(xiv) വാഹനം ഉരുണ്ട് പോകുന്നത് തടയുന്നതിനായി ഇഷ്ടാനുസരണം ലോക്ക് ചെയ്യുവാൻ കഴിയുന്ന ഉപകരണം വാഹനത്തിൽ ഘടിപ്പിച്ചിരിക്കണം<br>(xv) വാഹനത്തിന് ഹാൻഡ് സ്റ്റാർട്ട്, ഇലക്ട്രിക് സ്റ്റാർട്ടിംഗ് മെക്കാനിസം എന്നിവയിൽ ഏതെങ്കിലും ഉണ്ടായിരിക്കണം<br>(xvi) വൈകല്യമുള്ള വ്യക്തിയുടെ സഹായത്തിനായി ഉപയോഗിക്കുന്ന ക്രച്ചസ്സ് വഹിക്കുന്നതിന് വാഹനത്തിന് പ്രത്യേകം ക്ലാമ്പിംഗ് അറേഞ്ച്മെന്റ് ചെയ്തിരിക്കണം<br>(xvii) റിട്രോഫിറ്റ്മെന്റ് കിറ്റ്/ അഡോപ്റ്റേഷൻ കിറ്റ് ഘടിപ്പിച്ചിട്ടുള്ള വാഹനത്തിൽ ഫംഗ്ഷണൽ ബ്രേക്ക് ടെസ്റ്റ് , ഫംഗ്ഷണൽ ഗ്രേഡ് എബിലിറ്റി ടെസ്റ്റ് എന്നിവ നടത്തിയിരിക്കണം<br>(xviii) വാഹനത്തിൽ നിർദ്ദിഷ്ട രീതിയിലുള്ള റിട്രോ - റിഫ്ലക്ടീവ് ടേപ്പ് ഒട്ടിച്ചിരിക്കണം<br>(xix) വൈകല്യമുള്ള വ്യക്തിക്ക് ഓടിക്കുവാനുള്ള താണെന്ന് സൂചിപ്പിക്കുന്ന സ്റ്റിക്കർ വാഹനത്തിൽ പ്രദർശിപ്പിച്ചിരിക്കണം.<br><br>മോട്ടോർ കാറുകൾ രൂപമാറ്റം വരുത്തുന്നതുമായി ബന്ധപ്പെട്ട് 29.05.2009 ലെ ആർ.റ്റി.- 11012/12/20 ഠ 1-എം.വി.എൽ എന്ന കത്ത് പ്രകാരം കേന്ദ്ര സർക്കാർ നല്കിയ നിർദ്ദേശങ്ങൾ ചുവടെ |

| | | |
|---|---|---|
| | | ചേർക്കുന്നു.<br>മോട്ടോർ കാറുകൾ രൂപമാറ്റം വരുത്തുന്നതിന് വേണ്ട വർക്ക് ഷോപ്പുകൾക്ക് സംസ്ഥാന സർക്കാരുകൾ അംഗീകാരം നല്കേണ്ടതും മോട്ടോർ കാറിന്റെ രൂപമാറ്റത്തിനായി താഴെപ്പറയുന്ന രേഖകൾ കേന്ദ്ര സർക്കാരിലേയ്ക്ക് അയച്ച് കൊടുക്കേണ്ടതുമാണ്.<br>(i) വൈകല്യമുള്ള വ്യക്തിക്ക് അനുയോജ്യമായ വാഹനം മാർക്കറ്റിൽ ലഭ്യമല്ല എന്നുള്ള സർട്ടിഫിക്കറ്റ്<br>(ii) വാഹനത്തിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള വർക്ക് ഷോപ്പിലാണ് നിർവഹിച്ചിട്ടുള്ളത് എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്<br>(iii) വാഹനത്തിന്റെ സുരക്ഷയും, ഫിറ്റ്നസ്സും ഉറപ്പുവരുത്തുന്ന സർട്ടിഫിക്കറ്റ്<br>(iv) വൈകല്യമുള്ള വ്യക്തിയാണ് രൂപമാറ്റം വരുത്തിയ വാഹനത്തിന്റെ ഉടമസ്ഥനെന്ന് തെളിയിക്കുന്ന രേഖ<br>(v) വൈകല്യമുള്ള വ്യക്തിക്ക് രൂപമാറ്റം വരുത്തിയ വാഹനം ഓടിക്കുവാൻ കഴിയുമെന്നുള്ള ഉറപ്പ്<br>(vi) രൂപമാറ്റം വരുത്തിയ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്<br>(vii) കേന്ദ്ര സർക്കാരിൽ നിന്നും എക്സംപ്ഷൻ ആവശ്യമുള്ള ആൾട്ടറേഷന്റെ വിശദവിവരം<br>(vii) രൂപമാറ്റം വരുത്തിയ കാർ ഓടിക്കുന്നതിന് വൈകല്യമുള്ള വ്യക്തിക്ക് നല്കിയിട്ടുള്ള ലൈസൻസ്<br>സംസ്ഥാന സർക്കാരുകൾ വർക്ക് ഷോപ്പുകൾക്ക് അംഗീകാരം നല്കാൻ കഴിയാത്ത സാഹചര്യത്തിൽ രൂപമാറ്റം നടത്തിയ വാഹനം സംസ്ഥാനത്തെ ബന്ധപ്പെട്ട അധികാരി തന്നെ പരിശോധിച്ച് യാതൊരു സുരക്ഷാ പ്രശ്നങ്ങളുമില്ലെങ്കിൽ കേന്ദ്ര റോഡ് ട്രാൻസ്പോർട്ടും ഹൈവേയും മന്ത്രാലയത്തിന്റെ 05.05.2011 ലെ ആർ.റ്റി-11017/07/2011/എം വി എൽ എന്ന കത്ത് പ്രകാരം അംഗീകാരം നല്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) ഇങ്ങനെ മാറ്റം വരുത്തുന്ന വാഹനങ്ങൾ അപകടമുണ്ടാക്കില്ല എന്ന് പരിശോധിക്കാൻ എന്ത് | (സി) | ഇത്തരം വാഹനങ്ങൾ രൂപമാറ്റം വരുത്തിയശേഷം പരിശോധിച്ച് ഫിറ്റ്നസ് ഉറപ്പുവരുത്തുന്നതിനായി വകുപ്പിലെ സാങ്കേതിക വിഭാഗത്തിലുള്ള രണ്ട് |

| | | |
|---|---|---|
| സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ? | | പേരുടെ കൂട്ടായ പരിശോധന നിർബന്ധമാക്കിയിട്ടുണ്ട്. ഈ രണ്ട് ഉദ്യോഗസ്ഥരിൽ ഒരാൾ എം.വി.ഐ/ജോയിന്റ് ആർ.ടി.ഓ തസ്തികയിലുള്ള സീനിയറായ ഫീൽഡ് ഉദ്യോഗസ്ഥനായിരിക്കണമെന്നും നിജപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ